ഭരണഭാഷ – മാതൃഭാഷ

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ : എ. മുരളീധരൻ)

തിരുവനന്തപുരം

നം. 16255/2014/ജി3

തീയതി: 20.11.2019

വിഷയം:– അച്ചടി വകുപ്പ് – കേരള ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ടെസ്റ്റ് റൺ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി ഉത്തരവാകുന്നു.

പരാമർശം:– 05/11/2019 ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ യോഗ തീരുമാനം.

## ഉത്തരവ്

കേരള സർക്കാരിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ കേരള ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 05/11/2019 ന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ ചേമ്പറിൽ അച്ചടി വകുപ്പ് ഡയറക്ടർ, കംപോസ് ടീം, NIC എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ടി യോഗത്തിൽ NIC ഓൺലൈനിൽ ലഭ്യമാക്കിയിട്ടുള്ള കേരള ഗസറ്റ് ടെസ്റ്റ് റൺ നടത്തി 01/12/2019 ന് അക്സെപ്റ്റൻസ് സർട്ടിഫിക്കറ്റ് നൽകുവാൻ സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ COMPOSE പ്രോജക്ടിന്റെ ടെസ്റ്റിംഗിനും നടത്തിപ്പിനുമായി ചുവടെ ചേർക്കും പ്രകാരം ക്രമീകരണങ്ങൾ നടത്തിയും ജീവനക്കാരെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

| ക്രമ നം. | മൊഡ്യൂൾ | ഫെസിലിറ്റേറ്റർ | മാസ്റ്റർ ട്രെയിനിംഗ് |
|---|---|---|---|
| 1. | അസാധാരണ ഗസറ്റ് | ഹെഡ് റീഡർ (MC) | ശ്രീമതി സന്ധ്യാരാജൻ.എസ്, ബൈന്റർ ഗ്രേഡ് I<br>ശ്രീ. ശ്രീജിത്ത്. എസ്.പി, റീഡർ ഗ്രേഡ് II<br>ശ്രീ. അനൂബ്. കെ..എ, കംപ്യൂട്ടർ ഗ്രേഡ് I<br>ശ്രീ. സജി. വി.എൽ, ബൈന്റർ ഗ്രേഡ് I |
| 2. | കേരള ഗസറ്റ് | പബ്ലിക്കേഷൻ അസിസ്റ്റന്റ്<br>ഹെഡ് റീഡർ (മെയിൻ)<br>സീനിയർ ഫോർമാൻ(ഡി.റ്റി.പി) | |
| 3. | ടൈം മാനേജ്മെന്റ് | ഹെഡ് കംപ്യൂട്ടർ<br>എല്ലാ സെക്ഷൻ മേധാവികൾക്കും | |
| 4. | സ്റ്റോർ മാനേജ്മെന്റ് | സ്റ്റോർ കീപ്പർ | |

മേൽ ഖണ്ഡിക പ്രകാരം ഫെസിലിറ്റേറ്റർമാർ രണ്ട് ജീവനക്കാരെ വീതം ടെസ്റ്റ് റണ്ണിനും പരിശീലനത്തിനുമായി മാസ്റ്റർ ട്രെയിനിമാർക്ക് നൽകേണ്ടതും പരിശീലന സമയത്തെ ഔട്ടേൺ മേൽനോട്ടം വഹിക്കേണ്ടതുമാണ്. ടെസ്റ്റ് റണ്ണിനായി ജീവനക്കാരെ കംപോസ് സെർവർ റൂമിൽ ക്രമമനുസരിച്ച് എത്തിക്കുവാൻ ഫെസിലിറ്റേറ്റർമാർ ശ്രദ്ധിക്കേണ്ടതാണ്. മാസ്റ്റർ ട്രെയിനിമാരെ ടെസ്റ്റ് റണ്ണിനും നടത്തിപ്പിനുമായി അവരുടെ സേവനം പൂർണ്ണമായും കംപോസ് പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതും ഔട്ടേൺ സംബന്ധമായ കാര്യങ്ങൾ നോഡൽ ഓഫീസറായ ഡെപ്യൂട്ടി സൂപ്രണ്ട് (എസ് & എസ്) നിർവ്വഹിക്കേണ്ടതുമാണ്.

ഒപ്പ്/–
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്

പകർപ്പ്:– അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/ ഡെപ്യൂട്ടി സൂപ്രണ്ട്(ജനറൽ)/ ഡെപ്യൂട്ടി സൂപ്രണ്ട് (എസ് & എസ്)/സീനിയർ സൂപ്രണ്ട്/ എല്ലാ സെക്ഷൻ മേധാവികൾക്കും/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എസ്.കെ. 21/11/2019